**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി യുടെ സേവനം ജനങ്ങളിലേക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കുന്നതിന് സേവനം വാതിൽപ്പടിയിൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഈ പദ്ധതി സംബന്ധിച്ച കൂടുതൽ വിശദാംശം നൽകാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ- ന്റെ സേവനം ജനങ്ങളിലേയ്ക്ക് കാര്യക്ഷമമായി എത്തിയ്ക്കുന്നതിനു "സേവനം വാതിൽപ്പടിയിൽ" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സേവനം ഉപയോഗിച്ച് വീട്ടിലിരുന്നു ഫോൺ വഴി, പുതിയ കണക്ഷനുകൾ എടുക്കുന്നതിനും, ഉടമസ്ഥാവകാശം, ലോഡ്/ താരിഫ്/ഫേസ് തുടങ്ങിയവ മാറ്റുന്നതിനും ഉപഭോക്താവിനു സാധിക്കുന്നു. ഇതിനായി ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ എത്തേണ്ടതില്ല. സ്വന്തം വീട്ടിലിരുന്നു കൊണ്ട് തന്നെ ഫോൺ വഴി ഓഫീസിൽ ബന്ധപ്പെട്ട് സേവനം രജിസ്റ്റർ ചെയ്യുകയും ജീവനക്കാരൻ ഉപഭോക്താവിന്റെ വീട് സന്ദർശിച്ച് ആവശ്യമായ രേഖകൾ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ സെക്ഷൻ ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ? | (സി) | നിലവിൽ 425 സെക്ഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സെക്ഷനുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ